# മാന്ത്രിക ജീവിതം

[ഡോ. ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

**ഒന്നാം** ജാലവിദ്യ ഓതും:
കാണാസൂത്ര അറിയായറകൾ
ചുരുളഴിച്ചു അധികവായനാമുറി തുറക്കും.
പിറ്റേന്ന്: പുഞ്ചിരിക്കാതെ
വശ്യതയില്ലാതെ ഒഴിഞ്ഞുമാറും.

**കയ്യുറയൂരി** രണ്ടാംസൂത്രം അടർത്തും:
പൊരുളറിഞ്ഞേ മതിവരൂ എന്ന്
ചെവിമൂട്ടയരിക്കുമ്പോൾ
മേഘകൺക്കെട്ടിൽ മൂലദർശനം
ദൃഷ്ടാന്ത സാക്ഷാത്ക്കാരമാക്കും.
പിറ്റേന്ന്: കണ്ടിട്ടും കാണാത്ത ഭാവം.

**കാലുരുമ്മുന്ന** കാലുറയഴിക്കും
മൂന്നാം താന്ത്രികക്കള വരക്കോലം തീർക്കും:
കള്ളിപ്പുള്ളികൾ വള്ളിപുള്ളി അറിയണമ്പോൽ!
നെഞ്ചു പിളർത്തി അംഗോപാംഗ-
ക്കടങ്കഥയിലെ നിരർത്ഥക ചിഹ്നങ്ങൾ
ചിത്രസങ്കലന കാൽനഖ വ്യാഖ്യാനം.
പിറ്റേന്ന്: മണപ്പുറത്തെ അപരിചിതത്വം.

**മനോധർമ്മ** വിശാരദാങ്കം
നവരസ ദശാവതാര ശിക്ഷണത്തിൽ
അഴിച്ചിളക്കിയ ചായില്യമനയോലച്ചുട്ടികൾ
നാട്യശാസ്ത്ര മുഖക്കണ്ണാടിത്താളിൽ
വിശ്വരൂപ പ്രദർശന സുദർശനക്കറക്കം.

**എല്ലാ** തലേനാളും ആവർത്തന സൂര്യാസ്തമനം,

പിറ്റേ പ്രഭാതം തലമറന്ന് എള്ളെണ്ണയിൽ മുങ്ങണ
എന്തായും വളയണ വിത്തുകോശ സ്നേഹദ്രവ്യം –
മറവി വിളയണ ഓർമ്മനാശിനിയൂഷരതയിൽ
ചന്ദ്രോപഗ്രഹമായി പുതുതന്ത്രം മെനയണ
മുനകൾ കുത്തുന്ന കത്തുന്ന കത്തിയേന്തി
സ്നേഹിച്ചു കൊല്ലാത്ത തീവ്ര പ്രേമാർത്ഥതീർത്ഥം –
സർഗ്ഗഞരമ്പു തടവിയുതിരണ സഹസ്ര സൂര്യരശ്മി:
ജീവിതമന്ത്രം ഉരുക്കഴിക്കും സാക്ഷാൽ മാന്ത്രിക ജീവിതം!
***************************************************************************************